# ഗവ.യു.പി.സ്കൂൾ
## കാവാലം

# അക്കാദമിക മാസ്റ്റർപ്ലാൻ 2025– 26

കാവാലം പി.ഒ
പിൻ.688506, ഫോൺ: 8848697102
Email: gupskavalam@gmail.com








# ഗവ.യു.പി.സ്കൂൾ കാവാലം

## അക്കാദമിക മാസ്റ്റർപ്ലാൻ2025–26

### ഉള്ളടക്കം


5 ആമുഖം
6 സ്കൂൾ ചരിത്രം
8 ഭാഷാവികാസം
9 ഇംഗ്ലീഷ്

10 സംസ്കൃതം

12 ഹിന്ദി,
സ്കൂൾതീയേറ്റർ
ഗണിതം

13 സാമൂഹ്യശാസ്ത്രം
14 ശാസ്ത്രം

15 സോഷ്യൽ സർവ്വീസ് സ്കീം
കല
സംസ്കാരം
ആരോഗ്യം
കായികം

16 ക്രിയേറ്റീവ് കോർണർ

18 സ്കൂൾപ്രവേശനം
ഹാജർ
അധ്യാപകർ

19 സ്കൂൾ പ്രവൃത്തിദിനങ്ങൾ
ഭൗതികസൗകര്യങ്ങൾ

20 അടുക്കള
ടോയ്‌ലറ്റ്
വാട്ടർ പ്യൂരിഫയർ

21 ലൈബ്രറി
ലിംഗനീതി സ്ത്രീസുരക്ഷ


GOVT. UPS KAVALAM




# ദശവർഷ വളർച്ചാരൂപരേഖ

## 2025-26- ആരംഭം

# ആമുഖം

വിദ്യാലയം പൊതുസമൂഹത്തിന്റെ നേർക്കാഴ്ചയാണ്.
എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിൽ
അടിയുറച്ച് പ്രവർത്തിക്കാൻ
ഓരോവിദ്യാലയവും പ്രതിജ്ഞാബദ്ധരാണ്.
ഇന്നത്തെ കുട്ടി നാളത്തെ മുതൽക്കൂട്ട് എന്ന ലക്ഷ്യത്തിലുറച്ചാണ്
നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം 14 വയസ്സുവരെ
ഓരോ കുട്ടിക്കും നൽകുന്നത്. പൊതുവിദ്യാഭ്യാസ
സംരക്ഷണയജ്ഞത്തിലൂടെ വിദ്യാലയങ്ങളെ
മികവിന്റെ കേന്ദ്രങ്ങളാക്കാൻ സമൂഹം കൈകോർത്ത്
മുന്നേറുന്ന ഈ വേളയിൽ ഓരോ കുട്ടിയേയും
ഓരോ യൂണിറ്റായി കണക്കാക്കി
അവന്റെ സമഗ്രവികസനത്തിൽ ഊന്നിയായിരിക്കണം
വിദ്യാലയങ്ങൾ പദ്ധതികൾ ഒരുക്കേണ്ടത്.
അത്തരത്തിലാണ് ഈ രൂപരേഖാചർച്ചയും
ക്രോഡീകരണവും നടന്നത്.
കുട്ടിയാണിവിടെ കേന്ദ്രം.
അവന്റെ സമഗ്ര വികസനത്തിനായി നടത്തേണ്ട
പഠനപ്രക്രിയകളാണ് ഇവിടെ ക്രോഡീകരിക്കപ്പെടുന്നത്.



# ഗവ.യൂ.പി.സ്കൂൾ കാവാലം
## സ്കൂൾ ചരിത്രം
### ഒറ്റനോട്ടത്തിൽ

## ആരംഭം - 1906

കുട്ടനാടിന്റെ വിദ്യാഭ്യാസമേഖലയിൽ മുന്നോക്കം കുറിക്കാൻ ഒരുവിദ്യാലയം. നിലത്തെഴുത്തുവിദ്യാലയമായിട്ടായിരുന്നു തുടക്കം. കാലക്രമേണ കാനായിൽ രാമൻപിള്ളയുടെ സ്ഥലത്ത് സ്കൂൾകെട്ടിടം തുടങ്ങുകയും ഗവൺമെന്റിന് വിട്ടുകൊടുക്കുകയും ചെയ്തു.

വടക്കുംഭാഗം സമാജം, വള്ളിക്കാട് മത്തായി , മങ്കുഴി പരമുപിള്ള, സർദാർ.കെ.എം.പണിക്കർ തുടങ്ങിയവർ സ്കൂൾ നിർമ്മാണത്തിൽ സഹകരിച്ച സംഘടനകളും വ്യക്തിത്വങ്ങളുമാണ്.കാവാലം കരയിൽ ജനിച്ചുവളർന്ന ഡോ.കെ.അയ്യപ്പപണിക്കർ ഈസ്കൂളിൽ വിദ്യാഭ്യാസം നേടിയവരിൽ പ്രമുഖ നാണ്.

1090 മീനം 12 (1915 മാർച്ച് 25) ന് 504/2 , 504/1 എന്നീ സർവ്വേ നമ്പരുകളിൽ സ്കൂളിന് സ്വന്തമായി ഏകദേശം 1ഏക്കർ 13 സെന്റ് സ്ഥലവും ഓട് മേഞ്ഞ കെട്ടിടവും ലഭിച്ചു. ഈ 1 ഏക്കർ 13 സെന്റ് സ്ഥലം 2022-23 ൽ സർവ്വേവിഭാഗം അളന്ന് അതിര്തിരിച്ച് കല്ലിട്ട് സുരക്ഷിതമാക്കുകയും, അതിന്റെ സ്കെച്ച് സ്കൂളിൽ സൂക്ഷിച്ചിട്ടുള്ളതുമാകുന്നു.

കഞ്ഞിപ്പുര, ടോയ്‌ലറ്റ്, അധിക ക്ലാസ്സ്മുറികൾ തുടങ്ങി മുഴുവൻ സൗകര്യങ്ങളുമുള്ള ഒരു യൂ.പി സ്കൂളായി ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

2021 -22 വർഷത്തിൽ എസ് എസ് കെ ഫണ്ട് ഉപയോഗിച്ച് 3 മുറി പുതിയ കെട്ടിടവും, അതിനുമുക ളിൽ സ്കൂൾഹാളും ക്രമീകരിച്ചിട്ടുണ്ട്. സ്കൂളിന്റെ പുറം പറമ്പിൽ മാലിന്യം നിക്ഷേപിക്കുന്നത് ഒഴിവാ ക്കാനായി സി സി ടി വി ക്യാമറ പഞ്ചായത്ത് നൽകിയിട്ടുണ്ട്.

ശുഭം

- ❖ പൂർണ്ണവിദ്യാഭ്യാസം ഓരോ കുട്ടിക്കും.
- ❖ സമഗ്രമായ പഠന വിലയിരുത്തലുകൾ.
- ❖ പാരിസ്ഥിതികാവബോധം വളർത്തൽ.
- ❖ ലിംഗനീതി കാഴ്ചപ്പാട്.
- ❖ പാർശ്വവൽക്കരിക്കപ്പെട്ടവർക്കുള്ള പഠനപിന്തുണ.
- ❖ ഭിന്നശേഷി സൗഹൃദ പ്രത്യേക പരിഗണന.
- ❖ രക്ഷിതാക്കളുടെ അക്കാദമിക പിന്തുണാസംവിധാനം.
- ❖ പൂർവ്വവിദ്യാർത്ഥികൾ/ അധ്യാപകർ എന്നിവരിൽനിന്നുള്ള പിന്തുണാസംവിധാനം.
- ❖ നിരന്തര അധ്യാപക ശാക്തീകരണം.
- ❖ ആധുനിക സാങ്കേതികവിദ്യകളുപയോഗിച്ചുള്ള പഠനസജ്ജീകരണ സംവിധാനമൊരുക്കൽ.
- ❖ ശാസ്ത്രാവബോധ ഗവേഷണാത്മക പഠനസംവിധാനം.
- ❖ ഗണിതശേഷി (സംഖ്യാവബോധം, ക്രിയാശേഷി, അപഗ്രഥനം, വിശകലനം, പ്രശ്നപരിഹരശേഷി) വർദ്ധിപ്പിച്ച് ജീവിതാപഗ്രഥനശേഷി നേടൽ.
- ❖ ഹരിതവിദ്യാലയ വീക്ഷണം.
- ❖ ഭാഷാശേഷി വികസനം.
- ❖ സർഗ്ഗാത്മകതയുടെ പ്രകടനവേദി.
- ❖ തൊഴിൽ നൈപുണ്യത്തിലുറച്ച അവബോധം.
- ❖ സാമൂഹ്യ വെല്ലുവിളികളെ അതിജീവിക്കാനുള്ള കരുത്ത്.
- ❖ ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ സംഘടനാവബോധം.
- ❖ ലൈബ്രറി വികസനം സാധ്യമാക്കൽ.
- ❖ ഫീൽഡ് ട്രിപ്പുകൾ/പഠനയാത്രകൾ.
- ❖ സാമൂഹ്യശാസ്ത്ര/ശാസ്ത്ര വിഷയങ്ങളിൽ താൽപര്യമുണർത്താൻ പ്രത്യേക പരിപാടികൾ.
- ❖ ശുചിത്വശീലങ്ങൾ/വേസ്റ്റ്മാനേജ്മെന്റ്, പ്ലാസ്റ്റിക് വിമുക്ത അന്തരീക്ഷത്തിന്റെ പ്രസക്തി എന്നിവയിലൂന്നിയ വിദ്യാലയാന്തരീക്ഷം.
- ❖ വിദ്യാലയപരിസരത്തെ ജൈവവൈവിധ്യം കാത്തുസൂക്ഷിക്കാനുള്ള പ്രതിബദ്ധത.
- ❖ കുട്ടിയെ അറിയുക, വിലയിരുത്തുക, പ്രശ്നപരിഹാരബോധന പ്രക്രിയ ഇവയുടെ ശരിയായ നടത്തിപ്പ്.
- ❖ കുട്ടിയെ മികവിലേക്ക് നയിക്കാനുതകുന്ന അധ്യയനാന്തരീക്ഷസൃഷ്ടി.
- ❖ പ്രീസ്കൂൾ മുതൽ എഴാംക്ലാസ്സുവരെയുള്ള മുഴുവൻകുട്ടികൾക്കും അക്കാദമികപിന്തുണ നൽകുന്നരീതിയിൽ പഠനപ്രവർത്തനങ്ങൾ എസ്.ആർ.ജി യുടെ നേതൃത്വത്തിൽ.
- ❖ ഓരോ ടേമിലും/ക്ലാസ്സിലും കുട്ടികൾ നേടേണ്ട അറിവും കഴിവും തയ്യാറാക്കി വ്യക്തിഗത പി.റ്റി.എ / ക്ലാസ്സ് പി.റ്റി.എ എന്നിവ നടത്തുന്നു.
- ❖ ക്രിയേറ്റീവ് കോർണർ.തൊഴിൽ നൈപുണ്യ വിദ്യാഭ്യാസം.5തരം തൊഴിൽനൈപുണികൾ കുട്ടികൾക്ക്.

# ഭാഷാവികാസം

## മലയാളം

- എല്ലാകുട്ടികൾക്കും ഭാഷകൈകാര്യം ചെയ്യുന്നതിനുള്ള ശേഷി ഉറപ്പിക്കൽ
- നല്ലഭാഷ ശ്രവിക്കൽ
- നല്ലഭാഷ സംസാരിക്കൽ
- നല്ലഭാഷയിലെ വായന
- നല്ലഭാഷ തെറ്റില്ലാതെ എഴുതൽ
- മാതൃഭാഷയെ സ്നേഹിക്കാൻ അതിന്റെ സൗന്ദര്യം ആസ്വദിക്കാൻ അവസരം
- ശൈലികൾ, പഴഞ്ചൊല്ലുകൾ, നാട്ടുഭാഷാരീതികൾ, പ്രാദേശികഭാഷാ വ്യതിയാനം
- എന്നിവ തിരിച്ചറിയാനുതകുന്ന പ്രവർത്തനം
- സർഗ്ഗാത്മകതയ്ക്കുള്ള അവസരം സൃഷ്ടിക്കൽ
- ക്ലാസ്സ് പതിപ്പുകൾ
- സ്കൂൾപത്രം
- കഥാകഥനം
- കവിതാലാപനം
- രചനകളുടെ പതിപ്പുകൾ
- സ്കൂൾമാഗസിനുകൾ സൃഷ്ടിക്കുക (എൽ പി /യു പി )
- വായനാശീലം വളർത്തൽ
- പത്രവായന, വായനാവലോകനം
- വിദ്യാരംഗം ക്ലബ്ബിലൂടെ ചർച്ചകൾ ആസ്വാദനക്കുറിപ്പുകളുടെ അവതരണം
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠന പിന്തുണാ സംവിധാനം
- ഇടവേളകളിൽ മുന്നോക്കക്കാരുടെ സഹായത്തോടെ രസകരമായ വായനയിലേയ്ക്ക്
- മലയാളത്തിളക്കംപോലുള്ള പ്രവർത്തനത്തിലൂടെ പഠനവിടവ് നികത്തൽ
- അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ
- പോരായ്മ പരിഹരിക്കൽ
- വായനാകാർഡ് /അക്ഷരകാർഡ്
- കുട്ടിക്ക് സ്വയം വിലയിരുത്താൻ അവസരമൊരുക്കൽ
- ഐ.സി.റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തൽ
- രക്ഷിതാക്കളുടെ പിന്തുണ/പങ്കാളിത്തം ഉറപ്പിക്കൽ
- ലൈബ്രറി ഉപയോഗപ്പെടുത്തൽ
- സംവാദം/ ചർച്ച
- വായനാമൂലയൊരുക്കൽ
- കുട്ടികളുടെ സാഹിത്യസദസ്സ് സംഘടിപ്പിക്കൽ
- കുട്ടിക്ക് ആശയപ്രകടനത്തിനുള്ള ഇടം ക്ലാസ്സ്മുറികളിൽ സൃഷ്ടിക്കുക

# ENGLISH

**ENGLISH**
**Enhance LSRW**

Give chance to listen use good English ICT Cartoon Show, Radio News.
English Language Enrichment Programme.
Gave them confidence to speak good English in class room and School Assembly
Enhance English Reading using cards and small Story books.
Gave chance to describe the pictures and storytelling.
Use good English teachers and support to make them efficient.

**Activities**

Listen to me: Gave chance to listen.
Let's Speak : Skits, Conversation, Storytelling, Riddles and Rhymes
Let's Read : Correct pronunciation, Read loudly Spelling correction, Dictionary reading, Newspaper reading.
Let's write some more:-

English club activities
Class magazine writing
Find out the phrases and idioms
Worksheets
Writing poems for LP Students

Card writing
Picture narrations
Dictionary Making for UP Students
Growing Dictionary gave vocabulary language elements speciality and time sense of using language.

Make use of complete worksheets and 4 conduct seminars & debates.
Each outgoing students can use English Language easily.

# സംസ്കൃതം

ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം. ഭാരതീയസംസ്കാരത്തിന് ആധാരഭൂതമായിട്ടുള്ള ഭാഷയാണ് സംസ്കൃതം.

## പ്രവർത്തനങ്ങൾ

### 1.ഭാഷാജ്ഞാനം

- അക്ഷരം എഴുത്ത്.
- ചിഹ്നം ഉറപ്പിക്കൽ
- അക്ഷരകാർഡ്.
- അക്ഷരമരം നിർമ്മിക്കൽ.
- കാർട്ടൂൺ പ്രദർശനം.

### 2.പറയാം പഠിക്കാം

- ചിത്രങ്ങളുടെ പേര്പറയൽ.
- ചിത്രകഥകൾ.
- നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ.
- ഐ.സി,റ്റി യുടെ സഹായത്താൽ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം.

### 3. വായനാലോകം

- തിരഞ്ഞെടുത്ത ലളിതമായ പുസ്തകശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.
- ഓരോ സംസ്കൃതപീരിയഡിലും ഒരു കുട്ടി വായിച്ച പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക.
- വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.സംസ്കൃത ക്ലബ്ബ് രൂപീകരണം.

# ഗവ.യു.പി.സ്കൂൾ കാവാലം


കാവാലം പി.ഒ
പിൻ.688506, ഫോൺ: 8848697102
Email: gupskavalam@gmail.com


USS വിജയി



സേതുലക്ഷ്മി എസ്



**118 വർഷത്തെ പാരമ്പര്യമുള്ള വിദ്യാലയമുത്തശ്ശി ഇന്നും വെളിയനാട് ഉപജില്ലയിൽ തിളക്കമോടെ..... 2023-24 അദ്ധ്യയനവർഷത്തെ മികവാർന്ന പ്രകടനം...**

* LSS/USS പരീക്ഷയിൽ 2022-23 അദ്ധ്യയനവർഷം 4 വിജയികൾ.
* LSS Topper ഉപജില്ലയിലെ മിടുക്കൻ ഈ സ്കൂളിൽ നിന്നും.
* USS **വിജയി** Gifted.
* മികച്ച ഹൈടെക് ക്ലാസ്സ്മുറികളുള്ള ഹരിതവിദ്യാലയം.
* ഡിജിറ്റൽ സാങ്കേതികതയോടെ കുട്ടികൾക്ക് പരിശീലനം.

LSS ജേതാക്കൾ



നിരഞ്ജൻ | അതുല്യ | ശ്രീഹരി



* സ്പെഷ്യൽ ഡാൻസ്ക്ലാസ്സ്.
* കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സ്
* പഠനകൗതുകവും അറിവും പകരുന്ന പഠനയാത്രകൾ
* യോഗ, ആരോഗ്യപരിപാലന ക്ലാസ്സുകൾ



* സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീമുള്ള ഉപജില്ലയിലെ ഏകവിദ്യാലയം (യു.പി വിഭാഗം).
* സഹനവും സാമൂഹിക പ്രതിബദ്ധതയും കുട്ടികളിൽ പകരുന്ന സഹവാസ ക്യാമ്പുകൾ ഞങ്ങൾക്ക് സ്വന്തം.





* മികച്ച ഭാഷാപഠന രീതി ( ഇംഗ്ലീഷ് ,ഹിന്ദി ,മലയാളം, സംസ്കൃതം )
* 2023-24 അദ്ധ്യയനവർഷം ഉപജില്ലയിലെ സ്പോർട്ട്സ് , കലോത്സവം, ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയമേള, വിദ്യാരംഗം എന്നീ മത്സരയിനങ്ങളിൽ തിളക്കമാർന്ന വിജയം.



* ജില്ലാകലോത്സവത്തിൽ നൃത്തയിനത്തിൽ എ ഗ്രേഡ്
* പ്രത്യേക ശില്പശാലകൾ ,ബോധവൽക്കരണക്ലാസ്സുകൾ...
* കുട്ടികളുടെ യാത്രാസൗകര്യത്തിനായി വാഹനം ലഭ്യമാണ്.
* കുട്ടികളുടെ സർവ്വതോൻമുഖമായ വളർച്ചയ്ക്കും, വികാസത്തിനും ഉതകുന്ന മികവാർന്ന അദ്ധ്യയന രീതികൾ...
* **മികച്ച അധ്യാപകർ.**



**2024-25 അദ്ധ്യയന വർഷത്തെത്തേയ്ക്ക് LKG മുതൽ 7 വരെയുള്ള ഇംഗ്ലീഷ് /മലയാളം മീഡിയം ക്ലാസ്സുകളിലേയ്ക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.**



**Contact: 8848697102, 9497811766**


# ഹിന്ദി

രാഷ്ട്രഭാഷ തെറ്റുകൂടാതെ വായിക്കാനും എഴുതാനും പറയാനും.
ഹിന്ദി ഭാഷ നിത്യജീവിതത്തിൽ ഉപയോഗപ്പെടുത്താൻ.
ഹിന്ദി പുസ്തകവായന പരിപോഷിപ്പിക്കൽ.
ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ.
ഹിന്ദി ലൈബ്രറി.

# സ്കൂൾ തീയേറ്റർ

- ⇨മാസത്തിലൊരിക്കൽ ഭാഷാ നൈപുണ്യശേഷിയുടെ അവതരണവേദിയൊരുക്കാൻ തീയേറ്റർ.
- ⇨കുട്ടികളുടെ നാടകാവതരണം
- ⇨ലൊക്കേഷൻ തീം, കഥാപാത്രങ്ങൾ, തിരക്കഥ, സംഭാഷണം,അഭിനയം, ചിത്രകല എന്നിവയുടെ പ്രദർശനവേദി സംഘടിപ്പിക്കൽ.
- ⇨മുന്നോട്ടുപോകുന്ന വർഷങ്ങളിൽ സ്കൂളിന് സ്വന്തമായൊരു ലാംഗ്വേജ് ലാബ് ഒരുക്കുക എന്ന മഹത്തായ ലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിനായി പ്രയത്നിക്കുക.

# ഗണിതം




## ലക്ഷ്യം

⇨1 മുതൽ 7വരെ ക്ലാസ്സുകളിൽ പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ച എല്ലാ പഠനനേട്ടങ്ങളും മുഴുവൻ കുട്ടികളിലും എത്തിക്കുക. ⇨അടിസ്ഥാന ഗണിതാശയങ്ങൾ എല്ലാകുട്ടിക ളിലും എത്തിക്കുക.⇨സംഖ്യാബോധം,ക്രിയാശേഷി , ,പ്രശ്നാപഗ്രഥനം എന്നിവ ഓരോ കുട്ടിയും നേടിയെന്ന് ഉറപ്പുവരുത്തുക.⇨ഗണിതത്തെ ജീവിതസ്പർശിയായി അവതരിപ്പിക്കുക.⇨ഗണിതം ലളിതം സുന്ദരം എന്ന ധാരണ കുട്ടികളിൽ എത്തിക്കുക.⇨ഐ.സി.റ്റി പ്രയോജനപ്പെടുത്തി ജ്യോമട്രി വളരെ രസകരമാ ക്കാം.⇨കുട്ടികളെ യുക്തിചിന്താവികാസത്തിലേയ്ക്ക് നയിക്കുന്ന ഗണിതപ്രവർത്തനങ്ങൾ നൽകുക.⇨ഉന്നതപരീക്ഷകളിൽ ഗണിതപ്രയോഗം എളുപ്പമാക്കാനുതകുന്ന മനോഭാവം ഉണർത്തുക.⇨പ്രപഞ്ചഗണിതം, ജ്യോമട്രി എന്നിവ തിരിച്ചറിയാനുള്ള കഴിവ് കുട്ടിയിൽ ഉണർത്തുക.⇨ഗണിതവും ജീവിതവും പരസ്പരപൂരകമെന്നറിയുവാനുതകുന്ന പ്രവർത്തനങ്ങൾ നൽകുക.⇨രസകരമായ ഗണിതപഠനത്തിന് ഗണിതമൂല / ഗണിതലാബ് എന്നിവ ഭാവിയിൽ വലിയ സംരംഭമായി സ്കൂളിൽ ഉണ്ടാവുക.

## പ്രവർത്തനങ്ങൾ

- ⇨അടിസ്ഥാനക്രിയകൾ/ സംഖ്യാബോധം ഉറപ്പിക്കൽ
- ⇨സ്ഥാനവില ഉറപ്പാക്കാൻ സ്ഥാനവിലപോ ക്കറ്റ്
- ⇨സംഖ്യാകാർഡുകൾ
- ⇨അബാക്കസ്
- ⇨കണക്കിലെ കളികൾ
- ⇨സംഖ്യാമാല,സംഖ്യാസൂര്യൻ
- ⇨പദപ്രശ്നങ്ങൾ
- ⇨ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടൽ
- ⇨സംഖ്യാശ്രേണികൾ നിർമ്മിക്കൽ
- ⇨ഗണിതസെമിനാർ
- ⇨ഗണിതക്വിസ്
- ⇨മനനത്തിലൂടെ ക്രിയാശേഷി വർദ്ധിപ്പിക്കൽ

# സാമൂഹ്യശാസ്ത്രം

## ലക്ഷ്യം

1മുതൽ7വരെ ക്ലാസ്സിലെ കുട്ടികളെ പൊതുവിജ്ഞാനത്തിലും ചരിത്രാവബോധത്തിലും ഭൂപടവായനയിലും ചരിത്രകാരൻമാരേയും സാമൂഹ്യപരിഷ്കർത്താക്കളെയും കുറിച്ച് സാമാന്യബോധമുള്ളവരും ആക്കുക. സംസ്കാരം പാരമ്പര്യം ഇവ തിരിച്ചറിഞ്ഞ് നിലനിർത്താൻ.പുരാവസ്തു സംരക്ഷണവും അവയെ പരിചയപ്പെടലും. ഭരണസംവിധാനവും സാമ്പത്തികാവബോധവും അറിയുക.
ഫിൽഡ് ട്രിപ്പുകൾ,പ്രാദേശിക ചരിത്രം ,സ്ഥലനാമ ചരിത്രം എന്നിവയിൽ താല്പര്യമുള്ളവരാകുക.ബോധവൽക്കരണ പരിപാടികൾ ദിനാചരണങ്ങൾ ഇവ പ്രാധാന്യത്തോടെ ഏറ്റെടുക്കൽ.

## പ്രവർത്തനങ്ങൾ

- കേരളം, ഇന്ത്യ, ലോകം, ഭൂപടം, ഗ്ലോബ് എന്നിവ പരിചയപ്പെടുന്നു.
- ഐ.സി.റ്റി, സമഗ്ര മറ്റ് മാധ്യമങ്ങൾ ഉപയോഗിക്കാം.
- സമൂഹവുമായുള്ള നിരന്തര ബന്ധപ്പടലിനായി പത്രം,റേഡിയോ മറ്റ് നവമാധ്യമങ്ങളുടെ സാധ്യത.
- കേരളം,ഇന്ത്യ വിവിധ കാലഘട്ടങ്ങൾ അറിയുക.
- ഭൂപ്രകൃതി,വിഭവശേഷി എന്നിവ മനസ്സിലാക്കുക.
- ആനുകാലിക ക്വിസ്
- പതിപ്പുകൾ,സ്കൂൾപത്രം
- കാലാവസ്ഥാവ്യതിയാനം,മഴമാപിനി.
- പത്രവാർത്താശേഖരണം.
- വളരുന്ന ഭൂപടം.
- സംവാദം,സെമിനാർ.
- പുരാവസ്തുശേഖരണം പ്രദർശനം.
- പ്രാദേശിക സാംസ്കാരിക നായകരുമായി അഭിമുഖം.
- നിരന്തരമായി സാമൂഹ്യ ഇടപെടലുകളറിയുന്ന വ്യക്തികളാക്കി മാറ്റിയെടുക്കുന്ന പ്രവർത്തനങ്ങൾ.


# ശാസ്ത്രം

## ലക്ഷ്യം

- ശാസ്ത്രാഭിരുചി വളർത്തുക.
- എല്ലാറ്റിനും യുക്തിസഹമായി കാര്യകാരണം കണ്ടെത്തുക.
- പ്രൈമറി, അപ്പർപ്രൈമറി തലത്തിൽ നേടേണ്ട ശാസ്ത്രാവബോധം വളർത്തിയെടുക്കുക.
- നിരീക്ഷണ/പരീക്ഷണ പാടവം ഉണർത്തുക.
- പ്രശ്നാപഗ്രഥനത്തിലൂടെ നിഗമനങ്ങളിൽ എത്തുക.
- ഐ.സി.റ്റി പ്രയോജനപ്പെടുത്തി ശാസ്ത്രീയവളർച്ചാഘട്ടം തിരിച്ചറിയുക.
- ആരോഗ്യം, ഭക്ഷണം, ചികിത്സാരംഗം ഇവയിലെ ശാസ്ത്രീയത കുട്ടി അറിയുക.
- പ്രകൃതി എന്ന ലാബിനെ നിരീക്ഷിച്ചറിയുക.
- ഭക്ഷ്യശ്രേണി, കാലാവസ്ഥാമാറ്റങ്ങൾ, കാലഗതി എന്നിവ തിരിച്ചറിയൽ.
- ജൈവവൈവിധ്യക്ലബ്ബ് / കാർഷികക്ലബ്ബ് /ശാസ്ത്രക്ലബ്ബ് ഇവക്രോഡീകരിച്ച് പ്രവർത്തനക്ഷമ മാക്കാൻ കുട്ടി അറിയുക.
- ശാസ്ത്രവും സാങ്കേതികവിദ്യയും മനുഷ്യപുരോഗതിയ്ക്ക് എങ്ങനെ സഹായിച്ചുവെന്ന് കുട്ടി അറിയണം.
- മികച്ച ശാസ്ത്രലാബ് കുട്ടിക്ക് നേടിക്കൊടുക്കുക.

## പ്രവർത്തനങ്ങൾ

- ശാസ്ത്രപരീക്ഷണങ്ങൾക്ക് ഉതകുംവിധം ക്ലാസ്സുകൾ ശില്പശാലകൾ സംഘടിപ്പിക്കുക.
- സയൻസ് ക്ലാസ്സുകളിൽ ഉപകരണങ്ങൾ പരിചയപ്പെടുത്തുക.
- പരീക്ഷണനിരീക്ഷണങ്ങളിൽ ഊന്നിയുള്ള പഠനരീതി.
- പരീക്ഷണക്കുറിപ്പുകൾ നിരീക്ഷണക്കുറിപ്പുകൾ.
- ചുറ്റുപാടുകളെ അറിയുന്നതിനായി നെല്ലുഗവേഷണകേന്ദ്രം,കൃഷിസന്ദർശനം, കർഷകർ, ഗവേഷകർ എന്നിവരെ പരിചയപ്പെടൽ.
- ശാസ്ത്രപ്രതിഭകളെ കണ്ടെത്തി വിവിരശേഖരണം.
- കുട്ടികൾ സ്വന്തമായി കണ്ടുപിടുത്തങ്ങൾ നടത്തി അവ മനുഷ്യവംശത്തിന് ഉതകുന്നതര ത്തിൽ കൊണ്ടുവരുന്നതിനായി കുട്ടിയെ ശക്തിയാർജ്ജിപ്പിക്കൽ.
- ശാസ്ത്രം സത്യമെന്ന തിരിച്ചറിയലിലൂടെ കുട്ടിയെ സാമൂഹ്യപ്രതിബദ്ധതയുള്ള പൗരനാക്കിമാറ്റുക.



## സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം

- സേവനം സഹജീവനം.
- പരിസ്ഥിതി സംരക്ഷണം.
- കാരുണ്യം ജനസേവനം.
- പ്രതിബദ്ധതയോടെ ഏറ്റെടുത്ത് സംഘടിപ്പിക്കൽ.
- അർപ്പണബോധം, ശുചിത്വം, മാലിന്യസംസ്കരണം.
- തൊഴിൽനീതി അറിയൽ,
- സത്യം, ദയ, ധർമ്മബോധം ഉറപ്പാക്കൽ.
- നേതൃത്വപാടവം നേടിയെടുക്കൽ.
- സാമൂഹ്യപ്രതിബദ്ധതയുള്ള കാര്യങ്ങളിൽ ഇടപെട്ട് പ്രശ്നപരിഹാരം കണ്ടെത്തുന്നതിനുള്ള കഴിവ്.



## കല, സംസ്കാരം, പ്രാദേശിക സംസ്കൃതി

- കുട്ടിയുടെ സർഗ്ഗാത്മകമായ അഭിരുചികൾ തിരിച്ചറിയുന്നു.
- ചിത്രരചന, നൃത്തം, സംഗീതം തുടങ്ങിയ കലാഭിരുചികൾ തിരിച്ചറിയൽ.
- കഥ, കവിത, നാടകം എന്നിവയിലുള്ള താല്പര്യം കണ്ടെത്തൽ.
- പ്രത്യേക അധ്യാപകരെ നിയമിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ (പി.ഇ.സി യിൽ) ആവശ്യം ഉന്നയിച്ചിട്ടുണ്ട്. നിരന്തര ഇടപെടലിലൂടെ അത് യാഥാർത്ഥ്യമാക്കുക.

## ആരോഗ്യം, കായികം

- സ്കൂൾ ആരോഗ്യക്ലബ്ബ് പ്രവർത്തനങ്ങൾ
- നിരന്തര യോഗാപരിശീലനം
- സ്കൂൾ ഉച്ചഭക്ഷണം പോഷകസമൃദ്ധമാക്കാൻ എസ് എം സി പിന്തുണ ഉറപ്പാക്കൽ
- പഞ്ചായത്ത്സഹായത്തോടെ സ്കൂളിൽ ആഴ്ചയിലൊരിക്കലെങ്കിലും കായികാധ്യാപകനെ നിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കൽ
- സ്കൂൾ ജൈവപച്ചക്കറിത്തോട്ട പരിപാലനം
- ശുചിത്വസേനയുടെ ആവശ്യകത
- പഞ്ചായത്ത് ഹരിതകർമ്മസേനയുമായിച്ചേർന്ന് പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം
- ആരോഗ്യകരമായി ഭക്ഷണം പാകംചെയ്ത് കഴിക്കുന്നതിനുതകുന്ന പരിശീലനം നൽകൽ
- കൃത്രിമ പലഹാരങ്ങളിൽനിന്നും ഹോട്ടൽഭക്ഷണങ്ങളിൽനിന്നും നാടൻ ഭക്ഷണക്രമത്തിലേയ്ക്ക് കുട്ടിയെ നയിക്കുക
- ഭക്ഷ്യമേളകൾ,ആരോഗ്യശുചിത്വസെമിനാറുകൾ, ബോധവൽക്കരണക്ലാസ്സുകൾ
- കുട്ടികളുടെ ആരോഗ്യ പരിശോധന
- അയൺഫോളിക്ആസിഡ് ടാബ്സ് വിതരണം

# ക്രിയേറ്റീവ് കോർണർ

കുട്ടികളുടെ നൈപുണി വികസനത്തിനും തൊഴിൽ എന്ന ലക്ഷ്യത്തിലേയ്ക്ക് അവനെ എത്തിച്ചേർക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പൊതുവിദ്യാഭ്യാസവകുപ്പും എസ്.എസ്.കെ യും ചേർന്നൊരുക്കിയ സംവിധാനമാണിത്.അഞ്ച് മേഖലകളിലൂടെ (ഫാഷൻ ഡിസൈനിംഗ്, കൃഷി, പാചകപരിശീലനം. പ്ലംബിംഗ് & വയറിംഗ്, കാർപ്പെന്ററി ) കുട്ടികൾ കടന്നുപോകുന്നു. അവന്റെ അഭിരുചിയ്ക്കനുസരിച്ച് തൊഴിൽസമ്പാദനം നടത്തി പഠനത്തിനൊപ്പം തൊഴിൽ എന്ന ആശയം കുട്ടിയിൽ എത്തിക്കുന്നു.






# ക്രിയേറ്റീവ് കോർണർ



# പ്രവേശനവും ഹാജരും

| പ്രവേശനം പ്രീ-പ്രൈമറി വിഭാഗം | ഹാജർ |
|---|---|
| ആൺ | 7 |
| പെൺ | 6 |
| ആകെ | 13 |

| പ്രവേശനം എൽ.പി വിഭാഗം | ഹാജർ |
|---|---|
| ആൺ | 21 |
| പെൺ | 23 |
| ആകെ | 44 |

| പ്രവേശനം യു.പി. വിഭാഗം | ഹാജർ |
|---|---|
| ആൺ | 26 |
| പെൺ | 29 |
| ആകെ | 55 |

## മെച്ചപ്പെടുത്താൻ

- ❖ കുട്ടികളുടെ അഡ്മിഷൻ മെച്ചപ്പെടുത്തുന്നതിന് എസ്.എം.സി യുടെ നേതൃത്വത്തിൽ അവധിക്കാലത്ത് വിവിധ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.
- ❖ നാട്ടിലുള്ള മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി കുരുന്നുകൂട്ടം.
- ❖ സ്കൂൾ അക്കാദമികനേട്ടങ്ങൾ, ഭൗതികസൗകര്യവികസന നേട്ടങ്ങൾ തുടങ്ങിയവ കോർത്തിണക്കി നാട്ടുകൂട്ടം.
- ❖ കുട്ടികളുടെ ജനസമ്പർക്ക പരിപാടി
- ❖ പൂർവ്വവിദ്യാർത്ഥികളെ അണിനിരത്തി ശിൽപശാല

### അധ്യാപകർ

അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുന്ന ഒരുകൂട്ടം ആധ്യാപകർ.
കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് ക്ലാസ്സ്മുറികൾ ആസൂത്രണം ചെയ്ത് ക്രമീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു.
ഒത്തൊരുമിച്ചുള്ള പ്രവർത്തനഫലമായി സബ്ജില്ലയിലെ മികച്ച സ്ഥാപനമായി തുടരുന്നു.

**നിലവിലുള്ള അധ്യാപകർ**

ഹെഡ്മിസ്ട്രസ് - 1
എൽ പി വിഭാഗം - 4
യൂ പി വിഭാഗം - 2
ഹിന്ദി (പാർട്ട് ടൈം) - 1
സംസ്കൃതം (പാർട്ട് ടൈം) - 1
ആകെ - 9

**അധ്യാപകേതര ജീവനക്കാർ**

OA- 1
പി.റ്റി.സി.എം - 1
ആകെ - 2

- ❖ സ്കൂൾ ഓഫീസ് ജോലികൾ മുഴുവൻ ചെയ്യേണ്ടിവരുന്ന പ്രധമാധ്യാപികയ്ക്ക് ക്ലാസ്സ് ചാർജ്ജ്കൂടി ഏറ്റെടുത്ത് നടത്തുന്ന സംവിധാനത്തിൽ മാറ്റം വരേണ്ടതാണ്.
- ❖ യു.പി വിഭാഗത്തിൽ കുട്ടികളുടെ എണ്ണം 100നുമുകളിലെത്തിക്കുവാൻ കഴിയണം. ഗ്രാമ പഞ്ചായത്ത് വിദ്യാഭ്യാസകമ്മറ്റിയിൽ സ്പെഷ്യൽ അധ്യാപകരെ നിയമിക്കുന്നതിനുള്ള വഴികൾ ആരായും.
- ❖ കലാപഠനം, ആരോഗ്യവിദ്യാഭ്യാസം തുടങ്ങിയവയിൽ നിലവിലുള്ള അധ്യാപകർക്ക് പ്രത്യേക പരിശീലനം ക്ലസ്റ്റർതലത്തിൽ ആസൂത്രണംചെയ്ത് നടപ്പാക്കുന്നതിന് എസ്.എസ്.എ സംവിധാനങ്ങളുടെ സഹായം പ്രയോജനപ്പെടുത്തും.

## സ്കൂൾ പ്രവൃത്തി ദിവസങ്ങൾ- മണിക്കുറുകൾ

2025-26 വർഷം സ്കൂൾ അക്കാദമിക പ്രവർത്തനങ്ങൾ ചിട്ടയായും സമയബന്ധിതമായും പൂർത്തീകരിക്കപ്പെടണം. സ്കൂൾ പ്രവൃത്തിദിനങ്ങളിൽ ഗണ്യമായകുറവ് ഉണ്ടാവാനിടയില്ല. വിദ്യാഭ്യാസഅവകാശനിയമത്തിന്റെ പശ്ചാത്തലത്തിൽ കുട്ടികളുടെ പഠനസമയത്തിൽ ഉണ്ടാവേണ്ട മിനിമം സമയം പാലിക്കുന്നതിൽ അധ്യാപകരുടെയും രക്ഷിതാക്കളുടെയും ഒരുമിച്ചുള്ള പ്രവർത്തനം അനിവാര്യമാണ്.സമയനഷ്ടം പരിഹരിക്കുന്നതിന് ബദൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തും. വെള്ളപ്പൊക്കഭീഷണിയുള്ള കുട്ടനാടൻ പ്രദേശത്താണ് സ്കൂൾ നിലനിൽക്കുന്നത്.

**2025-26 ൽ കുട്ടികൾക്ക് ലഭിക്കേണ്ട പഠനസമയം**

| | |
|---|---|
| എൽ പി- | |
| യൂ പി- | |

സ്കൂൾ കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം പുഴയുടെ സമീപത്തായതിനാൽ വെള്ളപ്പൊക്കസമയങ്ങളിൽ കുട്ടികൾക്കും അധ്യാപകർക്കും സ്കൂളിലെത്താൻ ബുദ്ധിമുട്ടുണ്ടാവാറുണ്ട്. ഇതിനു പരിഹാരംകാണുന്നതിന് ശ്രമംതുടരും.

## ഭൗതിക സൗകര്യങ്ങൾ

കുട്ടികൾക്ക് സൗകര്യപ്രദമായരീതിയിൽ പഠനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഇപ്പോൾസ്കൂളിലുണ്ടെങ്കിലും പഴയകെട്ടിടത്തിന് 75 വർഷത്തോളം പഴക്കമുള്ളതാണ്. 12 മുറികളുള്ള പുതിയ കെട്ടിടത്തിനായുള്ള പ്ലാനും എസ്റ്റിമേറ്റും 2021 ൽ സർക്കാരിനു സമർപ്പിച്ചിരുന്നെങ്കിലും നാളിതുവരെ പരിഹാരമായിട്ടില്ല. ആധുനികരീതിയിലുള്ള ഭൗതികസൗകര്യ വികസനം വിവിധ ഏജൻസികളിലൂടെ സ്കൂളിന് ലഭിക്കാറുണ്ട്.

### നിലവിലുള്ള കെട്ടിടസംവിധാനങ്ങൾ

**ക്ലാസ്സ്മുറികൾ**

പ്രീപ്രൈമറി മുതൽ 7 വരെ -9
ഹെഡ്മാസ്റ്റർ റൂം & സ്റ്റാഫ് റൂം -1
ക്രിയേറ്റീവ് കോർണർ -1
ലൈബ്രറി & റീഡിംഗ് റൂം -1
റാമ്പ് & റയിൽ ഉപയോഗിച്ച് പ്രത്യേകം ആവശ്യമുള്ള കുട്ടികൾക്ക് മുഴുവൻ മുറികളിലും പ്രവേശിക്കാം.

**സ്കൂൾ ഹാൾ**

സ്കൂൾ പി റ്റി എ & എസ്.എം.സി സഹായത്തോടെ പുതിയകെട്ടിടത്തിനു മുകളിൽ സ്കൂൾ ഹാളും, താഴെ സൈക്കിൾ ഷെഡ്ഡും നിർമ്മിച്ചു.

## ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനുള്ള അടുക്കള



മുൻകാലത്ത് ഒരു ചായ്പ്പായിരുന്നു അടുക്കള. പുകയില്ലാത്ത അടുപ്പായിരുന്നു ഇവിടെ ഉപയോഗിച്ചിരുന്നത്. 2015 ൽ പഞ്ചായത്ത് പുതിയ അടുക്കള നിർമ്മിച്ചുനൽകി. പാചകവാതകമാണ് ഇപ്പോളിവിടെ ഉപയോഗിക്കുന്നത്. കൂടാതെ സർക്കാർ ഫണ്ട് 6 ലക്ഷം രൂപ ഉപയോഗിച്ച് പുതിയ കിച്ചൺ സ്റ്റോറും നിർമ്മിച്ചു.

## ടോയ്‌ലറ്റ്സൗകര്യങ്ങൾ

ശുചിത്വമിഷന്റെ സഹായത്തോടെ മൂന്ന് ഭാഗമായി ഒരു ടോയ്‌ലറ്റ്ബ്ലോക്ക് പുതിയതായിനിർമ്മിച്ചു.
കൂടാതെ ഇവിടെ ഒരു CWSN Toilet ഉം നിർമ്മിച്ചു.
പെൺകുട്ടികൾക്ക് മാത്രമായി - 4
ആൺകുട്ടികൾക്ക് മാത്രമായി - 2
ആൺകുട്ടികൾക്കുള്ള മൂത്രപ്പുരകൾ - 2 യൂണിറ്റ് (12 ബൗൾ).
ആർത്തവശുചിത്വത്തിന്റെ ഭാഗമായി രണ്ട് Incinerator സ്ഥാപിച്ചു. ഒന്ന് Staff Only.

## വാട്ടർ പ്യൂരിഫെയർ

പി.റ്റി.എ യുടെ സഹായത്താൽ നിർമ്മിച്ച വാട്ടർ പ്യൂരിഫെയർ 1 ,
മഴവെള്ളസംഭരണി 1
ആവശ്യമായ ടാപ്പുകളോടെ വാട്ടർടാങ്ക് സംവിധാനം.

# ലൈബ്രറി – ഇതരസംവിധാനങ്ങൾ



കേരളവിദ്യാഭ്യാസവകുപ്പ് , എസ്.എസ്.എ, പ്രാദേശികസമൂഹം, വായനശാലകൾ എന്നിവിടങ്ങളിൽനിന്നും ലഭിച്ച പുസ്തകങ്ങൾ ഉൾപ്പെടുത്തി വിപുലമായ ലൈബ്രറിസംവിധാനമാണ് സ്കൂളിലുള്ളത്. കുട്ടികൾക്ക് സ്വതന്ത്രവായനയ്ക്കും റഫറൻസിനുമുള്ള സൗകര്യങ്ങൾ ലൈബ്രറിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

സ്വാഭാവിക വായന മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള വായനാസംവിധാനങ്ങൾ പരിഷ്കരിക്കുന്നതിന് ശ്രമിക്കും. മാസികകൾ, പത്രങ്ങൾ എന്നിവ ചെറിയ ക്ലാസ്സ്മുറികളിൽ കുട്ടികളെ ആകർഷിക്കുംവിധം ഡിസ്പ്ലേ ചെയ്യും.ഭാഷ, ശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ടുവരുന്ന വിവരങ്ങൾ ഐ.റ്റി സംവിധാനങ്ങൾ ഉപയോഗിച്ച് പ്രയോജനപ്പെടുത്തും.

എം.പി.ഫണ്ടിൽ നിന്നും ലാപ്ടോപ്പുകൾക്ക് 3 ലക്ഷം രൂപ അനുവദിച്ചെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അവ ലഭ്യമായിട്ടില്ല.

## ലിംഗനീതി സമത്വം, സ്ത്രീസുരക്ഷ

- സമത്വം ഓരോകുട്ടിയുടേയും അവകാശം.
- ആൺ / പെൺ വ്യതിയാനങ്ങൾ, ലിംഗവ്യത്യാസം മാത്രം.
- ലിംഗഭേദതൊഴിൽ വിഭജനമില്ല.
- കുട്ടികൾക്കെതിരേയുള്ള ചൂഷണത്തെപ്പറ്റി അവരെ ബോധവൽക്കരിക്കൽ.
- അവരുടെ അവകാശങ്ങളെ അവർക്കായി കാട്ടിക്കൊടുക്കുക.
- എല്ലാ തൊഴിലുകളും ആൺ /പെൺ ഭേദമില്ലാതെ ഏറ്റെടുക്കാൻ പ്രാപ്തരാക്കുക.
- നിയമാവബോധമുള്ളവരാക്കുക.



ജ്ഞാനാവബോധവും
സാമൂഹികനീതിയും
വിഭാവനം ചെയ്തുകൊണ്ട്
ഒരു കുട്ടിയെ പരിപൂർണ്ണനാക്കി
സമൂഹത്തിന് നൽകാൻ പര്യാപ്തമായ
ഒന്നായിരിക്കണം അവനുനൽകുന്ന വിദ്യാഭ്യാസം.

അനാചാരങ്ങളും അന്ധവിശ്വാസങ്ങളുംകൊണ്ട്
ഇരുൾമൂടിയ സമൂഹത്തെ
ഉണർത്തിയത് വിദ്യ എന്ന വെളിച്ചമാണ്.

വിദ്യകൊണ്ട് പ്രബുദ്ധരാവാൻ
അജ്ഞാനമാകും അന്ധകാരത്തെ
ജ്ഞാനമാകും വെളിച്ചത്താൽ
മായ്ച്ചുകളയുന്നവനാണ് ഗുരു.

ഓരോ വിദ്യാലയവും വെളിച്ചമാകട്ടെ.
119 വർഷം പഴക്കമുള്ള ഈ വിദ്യാലയമുത്തശ്ശി
കുട്ടനാടിന്റെ കുവലയമിഴിയാളായ കാവാലത്തിന്റെ
ആദ്യ സരസ്വതീക്ഷേത്രമാണ്.

പള്ളിയറേശ്വരിയുടെ ചെമ്പുക്കുഴിയിൽ ഉയർന്നുവന്ന.....
അനേകം മഹാരഥൻമാരെ നാടിന് സമ്മാനിച്ച
എക്കാലത്തേയും മികച്ച വിദ്യാലയം.

ഇനിയുമിനിയും കരുത്തോടെ കരുതലോടെ
താങ്ങായ് തണലായ് മക്കൾക്ക്.........

